A

GI 712

# പാദവാർഷിക മൂല്യനിർണയം 2017–18

## മലയാളം

സ്റ്റാൻഡേർഡ് – 7 | അടിസ്ഥാനപാഠാവലി | സമയം: 2 മണിക്കൂർ

### *അധ്യാപകർക്കുള്ള നിർദേശങ്ങൾ*

1. മൂല്യനിർണയപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുൻപ് 15 മിനിറ്റ് സമാശ്വാസസമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കണം.
2. ആറു പ്രവർത്തനങ്ങളാണ് മൂല്യനിർണയത്തിനായി നൽകിയിട്ടുള്ളത്.
3. അവയിൽ ഏതെങ്കിലും അഞ്ചു ചോദ്യങ്ങൾക്ക് ഉത്തരമെഴുതിയാൽ മതി.
4. ഒരു പ്രവർത്തനത്തിന് അഞ്ചു പോയിന്റ്. (വസ്തുനിഷ്ഠചോദ്യങ്ങളുൾപ്പെടെ) ആകെ 25 പോയിന്റ്.
5. ഓരോ പ്രവർത്തനത്തിനും ലഭിക്കുന്ന 5, 4, 3, 2, 1 പോയിന്റ് പരിഗണിച്ച് യഥാക്രമം a, b, c, d, e ഗ്രേഡുകൾ നൽകേണ്ടതാണ്.
6. ഉത്തരക്കടലാസിൽ ഗ്രേഡാണ് രേഖപ്പെടുത്തേണ്ടത്.
7. ഓരോ പ്രവർത്തനത്തിനും ലഭിച്ച ഗ്രേഡുകൾ പരിഗണിച്ച് ശതമാനപ്പട്ടിക ഉപയോഗപ്പെടുത്തി വിഷയങ്ങൾക്കുള്ള ഓവറോൾ ഗ്രേഡ് A, B, C, D, E നൽകണം.

---

**പ്രവർത്തനം 1 അനുഭവക്കുറിപ്പ് (സ്കോർ – 5)**

എ.

- സ്വാനുഭവങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. – (1)
- ഉചിതമായ ഭാഷയിൽ വികാരം ചോർന്നു പോകാതെ അവതരിപ്പിച്ചിട്ടുണ്ട്. – (1)
- അനുഭവത്തിന്റെ ആശയവും വൈകാരികതയും ഉൾപ്പെടുത്തിയിട്ടുണ്ട്. – (1)
- തുടക്കം,ഒടുക്കം എന്നിവയിൽ പുതുമ വന്നിട്ടുണ്ട്. – (1)

ബി. പാവകളെ – (1)

**പ്രവർത്തനം 2 വിശകലനക്കുറിപ്പ് (സ്കോർ – 5)**

- ആശയങ്ങൾ സൂക്ഷ്മമായി കണ്ടെത്തി വിശകലനം ചെയ്തിട്ടുണ്ട്. – (1)
- ആശയങ്ങൾ പരസ്പരം ബന്ധപ്പെടുത്തിയിട്ടുണ്ട്. – (1)
- സ്വന്തം നിരീക്ഷണങ്ങളും നിലപാടുകളും വ്യക്തമാക്കിയിട്ടുണ്ട്. – (1)
- ഉചിതമായ ഭാഷയിൽ ഒഴുക്കോടെ ഖണ്ഡിക തിരിച്ച് എഴുതിയിട്ടുണ്ട്. – (1)

ബി. ജീവിതചിന്തകൾ – (1)

**പ്രവർത്തനം 3 കവിതാരചന <u>(സ്കോർ - 5)</u>**

- കവിത കുട്ടിയുടെ മനസ്സിൽ ഉണർത്തിയ ആശയങ്ങൾ പ്രതിഫലിക്കുന്ന രീതിയിൽ കവിതാരചന നടത്തിയിട്ടുണ്ട് - (2)
- വായനക്കാരന്റെ മനസ്സിൽ തട്ടുംവിധമുള്ള ഭാഷ (പദങ്ങൾ, പ്രയോഗങ്ങൾ, ശൈലികൾ) ഉപയോഗിച്ചിട്ടുണ്ട് - (1)
- കവിത വായിക്കാൻ പ്രേരിപ്പിക്കുന്ന വിധത്തിലുള്ള വർണന, ചമത്ക്കാര ഭംഗി, ഈണവും താളവും എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. - (1)
- അനുയോജ്യമായ തലക്കെട്ട് നൽകിയിട്ടുണ്ട് - (1)

**പ്രവർത്തനം 4 കുറിപ്പ് തയാറാക്കൽ <u>(സ്കോർ - 5)</u>**

- ആശയങ്ങൾ/വസ്തുതകൾ അനുയോജ്യമായ വിധത്തിൽ ക്രമപ്പെടുത്തി അവതരിപ്പിച്ചിട്ടുണ്ട്. - (2)
- വായനക്കാരനെ ആകർഷിക്കുന്ന അവതരണ രീതി സ്വീകരിച്ചിട്ടുണ്ട്. - (1)
- വസ്തുനിഷ്ഠവും സ്വയംവിശദീകരണക്ഷമവുമായ ഭാഷ ഉപയോഗിച്ചിട്ടുണ്ട് - (1)
- പ്രവർത്തനങ്ങൾ ക്രമാനുഗതമായി അവതരിപ്പിച്ചിട്ടുണ്ട്. - (1)

**പ്രവർത്തനം 5 കഥാരചന <u>(സ്കോർ - 5)</u>**

- കവിതയിലെ ആശയം ഗ്രഹിച്ച് കഥാരൂപത്തിലേക്ക് മാറ്റിയെഴുതിയിട്ടുണ്ട്. - (2)
- പ്രമേയം ഭാവനാത്മകമായി വൈകാരികതയോടെ അവതരിപ്പിച്ചിട്ടുണ്ട് - (1)
- ആകർഷകവും ജിജ്ഞാസ ജനിപ്പിക്കുന്നതുമായ ആഖ്യാനരീതി പാലിച്ചിട്ടുണ്ട് - (1)
- അനുയോജ്യമായ തലക്കെട്ട് നൽകിയിട്ടുണ്ട് - (1)

**പ്രവർത്തനം 6 പ്രയോഗഭംഗി വിശദമാക്കൽ <u>(സ്കോർ - 5)</u>**

- പ്രയോഗത്തിലെ പരമാവധി ആശയങ്ങൾ കണ്ടെത്തിയെഴുതിയിട്ടുണ്ട്. - (2)
- സ്വന്തം നിരീക്ഷണവും അഭിപ്രായങ്ങളും യുക്തിസഹമായി അവതരിപ്പിച്ചിട്ടുണ്ട്. - (2)
- പ്രയോഗവും കഥാപാത്രത്തിന്റെ അവസ്ഥയും തമ്മിലുള്ള ബന്ധം സൂചിപ്പിച്ചിട്ടുണ്ട്. - (1)